**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ഡിപ്പോയിൽ നിന്നുള്ള ബസ് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും സർവീസ് നടത്തുന്ന ഹരിപ്പാട്-ബാംഗ്ലൂർ വീക്കെൻഡ് ഡീലക്സ് സർവ്വീസ് യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് എ. സി. സീറ്റർ കം സ്ലീപ്പർ, ഡെയിലി സർവ്വീസ് ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) | നിലവിൽ ഹരിപ്പാട് ഡിപ്പോയിൽ നിന്നും വീക്ക് എൻഡ് സർവീസിനായി ഉപയോഗിക്കുന്ന ഡീലക്സ് സർവീസിന് പ്രതികിലോമീറ്റർ 44 രൂപ മാത്രമാണ് വരുമാനം ലഭ്യമാകുന്നത്. സർവീസിന് ശരാശരി 60,000/- രൂപയിൽ കൂടുതൽ വരുമാനം ലഭിച്ചെങ്കിൽ മാത്രമേ പ്രവർത്തന ചെലവെങ്കിലും ലഭ്യമാവുകയുള്ളൂ. നിലവിലെ സാഹചര്യത്തിൽ വീക്ക് എൻഡ് സർവീസുകൾക്ക് എ.സി. സീറ്റർ കം സ്ലീപ്പർ ബസ്സുകൾ നൽകാൻ നിർവ്വാഹമില്ല. കൂടാതെ ഹരിപ്പാട് നിന്നും ഡെയിലി സർവ്വീസ് ആയി യാത്രക്കാർ പൊതുവെ കുറവുള്ള ചൊവ്വ, ബുധൻ ദിവസങ്ങൾ കൂടി ഓപ്പറേറ്റ് ചെയ്യുന്നത് നഷ്ടം വർദ്ധിക്കുവാനും കാരണമാകും എന്നതിനാൽ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുന്നത് ഫീസിബിൾ അല്ല. |
| (ബി) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കൽപ്പറ്റയിലേക്ക് സൂപ്പർഫാസ്റ്റ് ഡീലക്സ് സർവ്വീസും കോയമ്പത്തൂർ, നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസ്സ് സർവീസും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഹരിപ്പാട് ഡിപ്പോയിലേക്ക് കൂടുതൽ പുതിയ ബസുകൾ അനുവദിക്കുമോ; | (ബി) | ഹരിപ്പാട് നിന്നും നെടുമ്പാശ്ശേരി എയർപോർട്ടിലേയ്ക്ക് എ.സി. സൂപ്പർ ഫാസ്റ്റ് ബസ് ആരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ മറ്റ് റൂട്ടുകളിൽ ആവശ്യാനുസരണം വിവിധ ശ്രേണി സർവീസുകൾ നടത്തി വരുന്നതിനാലും ഹരിപ്പാട് വഴി ഇത്തരം സർവീസുകൾ ഓൺലൈൻ റിസർവേഷൻ സൗകര്യത്തോടെ കടന്നുപോകുന്നതിനാലും പുതിയതായി മറ്റു സർവീസുകൾ ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന വ്യത്യാസമില്ലാതെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. യാത്രാവശ്യം വർദ്ധിക്കുന്നതനുസരിച്ച് ആയത് സംബന്ധിച്ച് പഠനം നടത്തി പരിഗണിക്കുന്നതാണ്. സാധ്യതാപഠന റിപ്പോർട്ട് അനുസരിച്ച് പുതിയ ബസുകൾ അനുവദിക്കുന്ന കാര്യവും പരിശോധിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കൂടുതൽ ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | യാത്രാവശ്യം പരിഗണിച്ച് പ്രസ്തുത മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെയും നോട്ടിഫൈഡ് റൂട്ടുകളിലൂടെയും ആവശ്യാനുസരണം സർവീസുകൾ നിലവിൽ നടത്തുന്നുണ്ട്. എന്നിരുന്നാലും സാധ്യതാപഠനം നടത്തി കൂടുതൽ സർവീസുകൾ ആരംഭിയ്ക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |
| (ഡി) | ഹരിപ്പാട് മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കെ. എസ്. ആർ. ടി. സി. ഡ്രൈവിംഗ് സ്കൂളിന്റെ നിർവഹണ വിശദാംശവും പുരോഗതിയും അറിയിക്കാമോ? | (ഡി) | ഡ്രൈവിംഗ് സ്കൂളിന്റെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ